# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.04/PR/PIC/PHQ/18 Date : 07.01.2018

---

## രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ വളപട്ടണവും

രാജ്യത്തെ മികച്ച പത്ത് പോലീസ് സ്റ്റേഷനുകളിൽ ഒന്നായി കണ്ണൂരിലെ വളപട്ടണം പോലീസ് സ്റ്റേഷൻ തിരഞ്ഞെടുക്കപ്പെട്ടു. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പരിശോധനയുടേയും പഠനത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ തിരഞ്ഞെടുപ്പ്.

സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം, കേസുകളുടെ അന്വേഷണം പൂർത്തിയാക്കുന്നതിലെ കാര്യക്ഷമത, ക്രമസമാധാനപരിപാലനത്തിലെ ജാഗ്രത, പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം, ശുചിത്വം, വാറണ്ട് നടപ്പാക്കൽ തുടങ്ങി മുപ്പതോളം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മികച്ച പോലീസ് സ്റ്റേഷനുകൾ തിരഞ്ഞെടുക്കുന്നത്. ഇത്തരം മാനദണ്ഡങ്ങൾ പരിഗണിച്ച് പ്രാഥമിക പട്ടിക തയ്യാറാക്കിയശേഷം, ഇതിലുൾപ്പെട്ട സ്റ്റേഷനുകൾ കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ സന്ദർശിക്കുകയും പൊതുജനങ്ങളിൽ നിന്നുൾപ്പെടെ അഭിപ്രായങ്ങൾ ശേഖരിച്ചും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മികച്ച സ്റ്റേഷനുകളെ തിരഞ്ഞെടുക്കുന്നത്.

1905 ലാണ് വളപട്ടണം പോലീസ് സ്റ്റേഷൻ സ്ഥാപിച്ചത്. ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്നതിലും ലഹരി വിരുദ്ധപ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കിയതും പോലീസുകാരുടെ ജനകീയ ഇടപെടലും വളപട്ടണം പോലീസ് സ്റ്റേഷന് ഈ നേട്ടം കൈവരിക്കുന്നതിന് സഹായകമായി. കണ്ണൂർ സബ്ഡിവിഷനിലെ വളപട്ടണം സ്റ്റേഷനിലെ എസ് എച്ച് ഒ ഉൾപ്പെടെ 53 പോലീസുകാരാണ് ഈ നേട്ടം കൈവരിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത്.

പോലീസ് സേനയ്ക്കാകെ അഭിമാനിക്കാവുന്ന നേട്ടം കൈവരിച്ച വളപട്ടണം പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരെ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയനും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയും അഭിനന്ദിച്ചു.

*************